പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1393 — 14.6.2013-ൽ മറുപടിക്ക്

## കക്കൂസ് മാലിന്യം സംസ്ക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) കേരളത്തിലെ കക്കൂസ് മാലിന്യം സംസ്കരിക്കാൻ നടപടി സ്വീകരിക്കാത്ത അവസ്ഥയെ സുപ്രീം കോടതി വിമർശിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) അതിന് ഉത്തരവാദികൾ ആരൊക്കെയാണ്; അവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;<br>സി) സുപ്രീംകോടതി നിർദ്ദേശം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ? | ബി) & സി) 9 ജില്ലകളിൽ മാലിന്യസംസ്കരണത്തിനായി സ്ഥലം ഏറ്റെടുക്കുവാൻ ജില്ലാ കളക്ടർമാർ വഴി വിജ്ഞാപനം ചെയ്തിരുന്നുവെങ്കിലും തദ്ദേശവാസികളുടെ എതിർപ്പ്മൂലം ആയത് പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. 2013 മെയ് മാസത്തിൽ ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്റെ വെളിച്ചത്തിൽ സ്ഥലം കിട്ടാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിലെ മുൻപ് തെരഞ്ഞെടുത്ത സ്ഥലത്തിന് പകരമായി കോട്ടയം, ആലപ്പുഴ, കണ്ണൂർ എന്നിവിടങ്ങളിൽ മുനിസിപ്പാലിറ്റികളുടെ കൈവശമുള്ള സ്ഥലങ്ങളിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. പത്തനംതിട്ട, ഇടുക്കി, മലപ്പുറം, തൃശ്ശൂർ, പാലക്കാട് എന്നിവിടങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്ഥാപിക്കാനാണ് നടപടി കൈക്കൊണ്ടിട്ടുള്ളത്. സംസ്ഥാനതലത്തിൽ ഓരോ ജില്ലയ്ക്കും ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്താനും ഉയർന്ന ഉദ്യോഗസ്ഥതലത്തിൽ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും നടപടി എടുത്തിട്ടുണ്ട്. വരുന്ന 6 മാസത്തിനുള്ളിൽ 3 മാതൃകാ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. അതിനുശേഷം ശേഷിക്കുന്ന 11 ജില്ലകളിലും പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാനാണ് നടപടി എടുത്തുവരുന്നത്. |

സെക്ഷൻ ഓഫീസർ